## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1276 21.03.2013-ലെ മറുപടിക്ക്

### റോഡ് നിർമ്മാണവും ദേശീയപാതകളുടെ വികസനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. സി. കൃഷ്ണൻ<br>,, സാജു പോൾ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; | (എ). വിലയിരുത്തിയിട്ടുണ്ട്. |
| (ബി). ആധുനിക രീതിയിലുള്ള റോഡ് നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി). സംസ്ഥാന പദ്ധതി വിഹിതത്തിലുൾപ്പെടുത്തി സംസ്ഥാന പാതകളുടെ ഉപരിതലം ബി.എം. & ബി.സി. ചെയ്ത്, ഗതാഗത യോഗ്യമാക്കി സംരക്ഷിക്കുന്നതിനും, ലോക ബാങ്ക് സഹായത്തോടെ കെ.എസ്.റ്റി.പി. പദ്ധതിയിൻകീഴിൽ റോഡുകളുടെ പുനർനിർമ്മാണം നടത്തി സംരക്ഷിക്കുന്നതിനും, ലോംഗ്ടേം ഹെവി മെയിന്റനൻസിലുൾപ്പെടുത്തി റോഡുകൾ ദീർഘകാലം സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ 1100 കി.മീറ്റർ റോഡുകൾ അന്തർദേശീയ നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുമുണ്ട്. |
| (സി). ദേശീയപാതകളുടെ വികസനത്തിനുള്ള സ്ഥലമെടുപ്പ് നീണ്ടുപോകുന്നതു കാരണം റോഡ് വികസനത്തിൽ നിന്ന് ദേശീയപാത അതോറിറ്റി പിൻവാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി). എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (സി) & (ഡി). ഉണ്ട്. വർദ്ധിച്ചു വരുന്ന വാഹന ഗതാഗതത്തിനനുസരിച്ച് ദേശീയ പാതകളുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കിയാൽ മാത്രമേ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർണ്ണമാവുകയുള്ളൂ. നിലവിൽ BOT അടിസ്ഥാനത്തിലാണ് ദേശീയപാതാ വികസനം നടപ്പിലാക്കുവാൻ നിശ്ചയിച്ചിട്ടുള്ളതെങ്കിലും ഭൂമി സമയബന്ധിതമായി ഏറ്റെടുത്ത് എൻ.എച്ച്.എ.ഐ.-യ്ക്ക് കൈമാറിയാൽ മാത്രമേ ദേശീയപാതാ വികസനം പ്രാവർത്തികമാവുകയുള്ളൂ. |

കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 3 എ (1) നോട്ടിഫിക്കേഷന്റെ കാലാവധി ഒരു വർഷമാണ്. ആയത് 26.03.2013-ൽ അവസാനിക്കും. ഭൂമി ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാധാരണഗതിയിൽ അലൈൻമെന്റ് സംബന്ധിച്ചുള്ള പരാതികൾ എൻ.എച്ച്.എ.ഐ.-യാണ് പരിശോധിക്കുന്നതെങ്കിലും സർക്കാരിൽ നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ 16.01.2013-ലെ സ.ഉ.(സാധാ)നം.76/2013/പൊ.മ.വ. ഉത്തരവ് പ്രകാരം കെ.എസ്.റ്റി.പി. പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി, അലൈൻമെന്റ് സംബന്ധിച്ച പരാതികൾ പരിശോധിക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. ഇതു കൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതിയും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജനപ്രതിനിധികൾ ഉന്നയിക്കുന്ന പരാതികൾ ബഹു: മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും ഉന്നതതല യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

| | | |
|---|---|---|
| (ഇ). | സ്ഥലമെടുപ്പ് തടസ്സപ്പെട്ടതു മൂലം സംസ്ഥാനത്ത് ഏതെല്ലാം ദേശീയ പാതകളുടെ വികസനമാണ് സ്തംഭനാവസ്ഥയിലുള്ളതെന്ന് അറിയിക്കുമോ; | (ഇ). & (എഫ്). ദേശീയ പാതയിലെ സ്ഥലമെടുപ്പ് നടപടികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (എഫ്). | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ